**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3150** **14-02-2024 - ൽ മറുപടിയ്ക്ക്**

**മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2016-17 കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം തുക പാസ്സാകുകയും ഇതിന്റെ ഭാഗമായി രണ്ടു ഗഡു തുക കൈപ്പറ്റുകയും ചെയ്ത ശേഷം സാമ്പത്തിക പ്രയാസത്താൽ വീടുപണി പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക് അവരുടെ വസ്തുവിന്റെ ആധാരം തിരിച്ച് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എ) | 2016-17, 2017-18 കാലയളവിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തീകരിച്ച് അതിൽ താമസമാക്കി ഒരു വർഷം പൂർത്തിയാക്കിയവർക്ക് അസ്സൽ പ്രമാണം തിരികെ നൽകുന്നതിനുള്ള നിയമാനുസൃത നടപടി സ്വീകരിക്കുവാനും ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരുടെ അപേക്ഷകൾ ഓരോന്നും പ്രത്യേകം പരിശോധിക്കുവാനും സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതി മാർഗ്ഗ നിർദ്ദേശത്തിൽ തുക കൈപ്പറ്റുകയും എന്നാൽ ഭവന നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഗുണഭോക്താക്കൾ കൈപ്പറ്റിയ തുക നിയമാനുസൃത പലിശയും ചേർത്ത് തിരിച്ചടച്ചാൽ മാത്രമേ ആധാരം തിരികെ നൽകുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ മത്സ്യത്തൊഴിലാളികൾക്കുള്ള ഭവന നിർമ്മാണ പദ്ധതി പ്രകാരം തുക കൈപ്പറ്റിയ ശേഷം സാമ്പത്തിക പ്രയാസത്താൽ വീടുപണി പൂർത്തികരിക്കാൻ സാധിച്ചിട്ടില്ലാത്ത കുടുംബങ്ങൾക്ക്, അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ പരിശോധിച്ച് അർഹതയുടെ അടിസ്ഥാനത്തിൽ ആധാരം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ